compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

കേരള ഗസറ്റ്

KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2024 ജനുവരി 09

Tuesday, 09th January 2024

1199 ധനു 24

24th Dhanu 1199

1945 പൌഷം 19

19th Pousha 1945

വാല്യം 13

Vol. XIII

നമ്പർ 2

No. 2

Part III

Revenue Department

©

കേരള സർക്കാർ

GOVERNMENT OF KERALA

2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തിരുവനന്തപുരം ജില്ലാകളക്ടറുടെ നടപടിക്രമം

(ഹാജർ.ജെറോമിക്ക് ജോർജ് .,ഐ.എ.എസ്)

ബി/20/516788/23 തീയതി 4/12 /2023

വിഷയം: ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിന്മേലുള്ള അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നത് -സംബന്ധിച്ച്.

പരാമർശം: 1.ശ്രീമതി.കൃഷ്ണകോകിലം ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

2.തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ 08/09/2023 തീയതിയിലെ RDO-TVM/ 2140/ 2023- K2 നമ്പർ റിപ്പോർട്ട്.

നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുത്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 274/39 ൽ ഉൾപ്പെട്ട പരേതനായ ശ്രീ.മണിയൻ പേർക്ക് വന്നിട്ടുള്ളതും ടിയാന്റെ കൈവശത്തിലും കരം തീരുവയിലുമായിരുന്ന 05.70 ആർ വസ്തുവിന് നിശ്ചയിച്ചിരിക്കുന്ന ന്യായവില കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾ 1995 പ്രകാരം പുനഃ പരിശോധിച്ച് കുറവ് ചെയ്തു നൽകുന്നതിനു ടിയാന്റെ ഭാര്യയായ ശ്രീമതി.കൃഷ്ണകോകിലം പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. നിലവിലെ റെക്കോർഡുകൾ പ്രകാരം അപേക്ഷ ഭൂമിക്ക് 2 ാം ക്ലാസിഫിക്കേഷൻ (Residential plot with NH/PWD road access) ഇനത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിനു 4,62,000/- രൂപയാണ് ന്യായവില നിശ്ചയിച്ചിട്ടുള്ളത്. കക്ഷിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും പരാമർശം (2) പ്രകാരം റിപ്പോർട്ടും ന്യായവില ശുപാർശയും ലഭ്യമാക്കിയിരുന്നു.

നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുത്തൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 274/39 ൽ ഉൾപ്പെട്ട 05.70 ആർ വസ്തു 3801 ാം നമ്പർ തണ്ടപ്പേർ പ്രകാരം പരേതനായ ശ്രീ.മണിയൻ പേർക്ക് വന്നിട്ടുള്ളതും ടിയാന്റെ കൈവശത്തിലും കരം തീരുവയിലുമായിരുന്ന അപേക്ഷ വസ്തു Residential plot with NH/PWD road access എന്ന 2 ാം ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിനു 4,62,000/-രൂപ (നാല് ലക്ഷത്തി അറുപത്തി രണ്ടായിരം രൂപ) ന്യായവില നിശ്ചയിച്ചിട്ടുള്ളതാണെന്നും,റവന്യൂ രേഖകൾ പ്രകാരം പുരയിടം ഇനത്തിൽ ഉൾപ്പെട്ടു വരുന്നുവെന്നും, പ്രാദേശികാന്വേഷണത്തിൽ ആറൊന്നിനു 75,000/-രൂപ (എഴുപത്തി അയ്യായിരം രൂപ) കമ്പോള വിലയുള്ളതായും ,അപേക്ഷ ഭൂമിയുടെ സമാന സമീപ വസ്തുക്കളായി പരിഗണിച്ചിട്ടുള്ള റീസർവ്വേ നമ്പർ 274/38, 274/10 ,274/11 ൽ ഉൾപ്പെട്ട ഭൂമിക്കു 2 ാം ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുത്തി നാളതു വർദ്ധനവോട്ടു കൂടി 46200/-(നാല്പത്തി ആറായിരത്തി ഇരുന്നൂറ് രൂപ മാത്രം) വില ന്യായവില നിശ്ചയിക്കാമെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് നൽകിയിരിക്കുന്നു .

ശ്രീമതി.കൃഷ്ണകോകിലം സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ തീരുമാനം കൈകൊള്ളുന്നതിലേക്കായി അപേക്ഷകയെ 17-10-2023 തീയതിയിൽ നേരിൽ കേൾക്കുകയും ടിയാന്റെ മൊഴി രേഖപെടുത്തിയിട്ടുള്ളതുമാണ് .

ബന്ധപ്പെട്ട രേഖകളും റിക്കാർഡുകളും പരിശോധിച്ചതിൽ അപേക്ഷ ഭൂമിക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം (2) ശുപാർശ പരിഗണിച്ച് പരാമർശം (1) അപ്പീൽ അപേക്ഷയിൽ ചുവടെ ചേർക്കും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം ഉത്തരവ് പുറപ്പെടിവിക്കുന്നു .

<u>ഉത്തരവ്</u>

നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 274/39 ൽ ഉൾപ്പെട്ട 05.70 ആർ ഭൂമിക്ക് ന്യായവില പുനർനിർണ്ണയിച്ച നൽകണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി.കൃഷ്ണകോകിലം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അപേക്ഷ പരിഗണിച്ച് നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 24 ൽ റീസർവ്വേ നമ്പർ 274/39 ൽ ഉൾപ്പെട്ട 05.70 ഭൂമിക്ക് Residential plot with NH/PWD road access എന്ന 2-ാം ഗണത്തിൽ ഉൾപ്പെടുത്തി 2010 പ്രാബല്യത്തിൽ ആറൊന്നിനു 17,500/-രൂപ (പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വില നിശ്ചയിച്ച് നാളത് വർദ്ധന ഉൾപ്പടെ ആർ ഒന്നിന് 46,200/- രൂപ (നാല്പത്തി ആറായിരത്തി ഇരുന്നൂറ് രൂപ മാത്രം) ന്യായവില നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ് /-

ജില്ലാ കളക്ടർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C
SeeRule6(8)
NOTIFICATION

B20-516788/2023 Dated: 4/12 /2023

Where it is expedient to publish a notification showing, revised value of land as required under section 28A of the Kerala Stamps Act 1959 read ; with Sub Rule (8) of Rule 5 of the Kerala Stamp (Fixaton of Fair value of land) Rule1995, the fair value of land in Re-survey No.274/39 in perumbazhathoor village in Neyyattinkara Taluk of the Thiruvananthapuram District is hereby fixed finally as shownin theshedule hereto:

S H E D U LE

Name of District	Name of Taluk	Village and survey no with subdivision	Corporation Muncipality/ Panchayat	Ward	Classification by use	Fair value of the land already fixed	Revaised fair value of land
(1)	(2)	(3)	(4)	(5)	(6)	(7)	(8)
Thiruvananthapuram	Neyyattinkara	Perumbazhathoor-274/39	Muncipality	-	02	462000/-Are	175000/-Are

District Collector

Sd/-
Thiruvananthapuram.

Note:Use:predominantly–Commercial/Residential/Agricultural (Wet or dry)& others.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

[2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം]

നമ്പർ DCKLM/14603/2023-M16. 2024 ജനുവരി 5.

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ശക്തികുളങ്ങര വില്ലേജിൽ കന്നിമേൽ ചേരിയിൽ ഇടപ്പാടം വയൽ എന്ന സ്ഥലത്ത് തുണ്ടു പറമ്പിൽ വീട്ടിൽ ഷാരിയാർ മകൻ 26 വയസ്സുള്ള മുഹമ്മദ് അസ്ലാം @ ഷാൻ എന്ന നിങ്ങൾ നിരന്തരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതായും, നിങ്ങളുടെ ഈ പ്രവൃത്തികൾ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന സമാധാനകാംക്ഷികളായ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നതായും നിങ്ങളുടെ സാന്നിദ്ധ്യം ജനങ്ങളിൽ അരക്ഷിതാവസ്ഥയും ഭീതിയും ജനിപ്പിക്കുന്നതായും ജില്ലാ പോലീസ് മേധാവി (കൊല്ലം സിറ്റി) 20-11-2023, 11-12-2023 എന്നീ തീയതികളിലെ 82/ജിഎൽ/കാപ്പ/2023-ക്യൂ.സി. നമ്പർ റിപ്പോർട്ട് പ്രകാരം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങളെ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3(1) പ്രകാരം തിരുവനന്തപുരം സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് ഈ കാര്യാലയത്തിലെ 21-12-2023-ലെ DCKLM/14603/2023-M16 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അന്നേ ദിവസം മുതൽ നിങ്ങൾ ഒളിവിൽ പോയിരിക്കുന്നതിനാൽ നിങ്ങളെ അറസ്റ്റ് ചെയ്യുന്നതിനും മേൽപ്പറഞ്ഞ ഉത്തരവ് നടപ്പിലാക്കുന്നതിനും സാധിച്ചിട്ടില്ലായെന്നും ആയതിനാൽ നിങ്ങൾക്കെതിരെ പ്രസ്തുത നിയമത്തിലെ 6-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി (സിറ്റി) ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഈ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നിങ്ങൾ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ ഹാജരാകണമെന്ന് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിങ്ങളെ രണ്ട് വർഷക്കാലം തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണെന്നും മേൽ വകുപ്പിലെ (എ) ഖണ്ഡപ്രകാരമുള്ള നടപടികൾക്ക് നിങ്ങൾ വിധേയനാകുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

കളക്ടറേറ്റ്,
കൊല്ലം.

DEVIDAS, N. I A S,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലപരസ്യം

നമ്പർ DCKLM/12483/2023-L14. 2023 ഡിസംബർ 14.

കൊട്ടാരക്കര താലൂക്കിൽ വെളിയം വില്ലേജിലെ ബ്ലോക്ക് നമ്പർ-32-ൽ റീസർവ്വെ 45/8-ൽപ്പെട്ട 32.80 ആർ സർക്കാർ തരിശിൽ നിന്നും അനധികൃതമായി മുറിച്ച് മാറ്റിയ തേക്ക് (9 എണ്ണം), റബ്ബർ (2 എണ്ണം) എന്നീ വൃക്ഷങ്ങൾ 2024 ജനുവരി മാസം 10-ാം തീയതി പകൽ 11 മണിക്ക് വെളിയം വില്ലേജ് ഓഫീസ് കോമ്പൗണ്ടിൽ വച്ച് ലേലം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ടി ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ നിശ്ചിത നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിച്ച വ്യക്തിയുടെ പേരിൽ ലേലം താൽകാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലത്തുകയോടൊപ്പം നിയമാനുസൃതമായുള്ള മറ്റ് നികുതികളും ഈടാക്കേണ്ടതാണ്. ലേലത്തുകയുടെ (മരവില + നികുതി) 5% തുക വനവികസന നികുതിയായി ഈടാക്കി വനം വകുപ്പിന്റെ 8782-00-103-99 FR എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/01 ആയി സർക്കാർ ഖജനാവിൽ ഒടുക്കുവരുത്തേണ്ടതാണ്. ജില്ലാ കളക്ടർ ലേലം സ്ഥിരീകരിച്ച് ഉത്തരവാകുന്ന മുറയ്ക്ക് ലേലം വിളിച്ച വ്യക്തി സ്വന്തം ചെലവിൽ താമസംവിനാ ലേലസാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. സാധാരണ സർക്കാർ ലേലങ്ങളെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ടി തീയതിയിൽ ലേലം നടക്കാതെ വന്നാൽ മറ്റൊരു തീയതിയിൽ ലേലം നടത്തുന്നതായിരിക്കും. ലേലം അംഗീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കും. സാധാരണ സർക്കാർ ലേലങ്ങൾക്കുള്ള എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കൊട്ടാരക്കര താലൂക്ക് ഓഫീസുമായും വെളിയം വില്ലേജ് ഓഫീസുമായും ബന്ധപ്പെടാവുന്നതാണ്.

കളക്ടറേറ്റ്, (ഒപ്പ്)
കൊല്ലം. ജില്ലാ കളക്ടർ.

KOLLAM DISTRICT

നോട്ടീസ്

നമ്പർ DCKLM/3929/2022-L17. 2023 ഡിസംബർ 16.

വിഷയം:—കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് ആക്ട്—1964—അന്യം നിൽപ്പ് ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നത്—നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

സൂചന:—(1) കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് ആക്ട് 1964.

(2) കരുനാഗപ്പള്ളി തഹശീൽദാരുടെ 27-11-2023-ലെ സി2-7661/2023 നമ്പർ കത്ത്.

ഏതെങ്കിലും വ്യക്തി വിൽപ്പത്രമെഴുതി വയ്ക്കാതെയും നിയമ പ്രകാരമുള്ള അനന്തരാവകാശികളില്ലാതെയും മരിച്ച് പോകുന്ന പക്ഷം അയാളുടെ എല്ലാ വസ്തുക്കളും അന്യം നിന്ന് പോകുന്നതും അവ ഗവൺമെന്റിന്റെ വകയായി തീരുന്നതുമാണെന്ന് കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് ആക്ട് 1964 വകുപ്പ് 3-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കരുനാഗപ്പള്ളി താലൂക്കിൽ ചവറ വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വെ നമ്പർ 269/1-ൽപ്പെട്ട 06.37 ആർസ് സ്ഥലം ചവറ വില്ലേജിലെ 19/3695 നമ്പർ തണ്ടപ്പേർ പ്രകാരം നെയ്യാറ്റിൻകര താലൂക്കിൽ കോട്ടയ്ക്കൽ അധികാരത്തിൽ തിരുവല്ലം ദേശത്ത് വടയാറ്റ് വിക്രമൻ മാധവൻ എന്ന കക്ഷിയുടെ പേരിലാണെന്നും നാളിതുവരെ ഭൂനികുതി ഒടുക്കിയിട്ടില്ലാത്തതാണെന്നും ടി തണ്ടപ്പേർ കക്ഷിയെയോ അനന്തരാവകാശികളെയോ കുറിച്ച് യാതൊരു വിവരവും അന്വേഷണത്തിൽ ലഭിച്ചിട്ടില്ലെന്നും കരുനാഗപ്പള്ളി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ പ്രസ്തുത സ്ഥലം അന്യം നിൽപ് ഭൂമിയായി കണക്കാക്കി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിൽ ആർക്കെങ്കിലും എതിർപ്പുള്ളപക്ഷം കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് ആക്ട് 1964 വകുപ്പ് 5, കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് റൂൾസ് 1965 ചട്ടം 8 പ്രകാര മുള്ള ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 6 മാസത്തിനകം ഭൂമിയിൻമേലുള്ള അവകാശം തെളിയിക്കുന്ന രേഖകൾ സഹിതം ജില്ലാ കളക്ടർ മുൻപാകെ ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

കളക്ടറേറ്റ്, (ഒപ്പ്)
കൊല്ലം. ജില്ലാ കളക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ബി. ശശികുമാർ)

(1)

നമ്പർ RDOPLR/3218/2023-F. 2023 ഡിസംബർ 27.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജ്—അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ എൽ.എ.3-54647-ാം നമ്പർ പരിപത്രം.

(3) വിളക്കുടി വില്ലേജിൽ ഇളമ്പൽ മുറിയിൽ ജയ നിവാസിൽ വിജയകുമാർ സമർപ്പിച്ച അപേക്ഷ.

(4) ഈ ആഫീസിലെ എഫ് -7244/22/കെ.ഡിസ് നമ്പർ നടപടിക്രമം.

(5) പത്തനാപുരം തഹശീൽദാരുടെ tlkptm-3090/2023/B6 നമ്പർ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകന്റെ കൈവശഭൂമി നിലമായിരുന്നതും ആയതിന് വിലയും ക്ലാസിഫിക്കേഷനും നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ സൂചന (4) പ്രകാരം അപേക്ഷാഭൂമി സ്വഭാവ വ്യതിയാനം വരുത്തി പുരയിടമാക്കിമാറ്റിയിട്ടുള്ള സാഹചര്യത്തിൽ ടി പുരയിടമായി മാറിയ ഭൂമിക്ക് വിലയും ക്ലാസിഫിക്കേഷനും നിർണ്ണയിക്കുന്നതിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയിൽ സൂചന (5) പ്രകാരം തഹശീൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരമുള്ള ശരിയായ ക്ലാസിഫിക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

ഉത്തരവ്

സ്വഭാവ വ്യതിയാനം വരുത്തി പുരയിടമാക്കി മാറ്റിയ ഭൂമിയുടെ ന്യായവിലയും ക്ലാസിഫിക്കേഷനും നിശ്ചയിച്ച് കൊണ്ട് ചുവടെ ചേർത്ത പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും മേൽവിലാസവും	താലൂക്ക്	വില്ലേജ് ബ്ലോക്ക്	സർവ്വെ/ സബ് ഡിവിഷൻ നമ്പർ	6-3-2010-ലെ വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും	പുനർ നിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില ₹
വിജയകുമാർ, ജയാനിവാസ്, ഇളമ്പൽ, വിളക്കുടി	പത്തനാപുരം	വിളക്കുടി	282/10/4	Wet land ₹ 2,500	Residential plot with Cor./ Mun./Pan. road access	7,500

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ RDOPLR/3200/2023-F. 2023 ഡിസംബർ 27.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജ്—അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരളാ മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ എൽ.എ.3-54647-ാം നമ്പർ പരിപത്രം.

(3) വിളക്കുടി വില്ലേജിൽ മഞ്ഞമൺകാല മുറിയിൽ കാർത്തിക ഭവനിൽ ഗീത സമർപ്പിച്ച അപേക്ഷ.

(4) പത്തനാപുരം തഹശീൽദാരുടെ TLKPTM3023/23/B6-ാം നമ്പർ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകയുടെ കൈവശവസ്തുവിന്റെ ക്ലാസിഫിക്കേഷൻ/വില തെറ്റായി വിജ്ഞാപനം ചെയ്തുവന്നിട്ടുള്ളത് പരിഹരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയിൽ സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരമുള്ള ശരിയായ ക്ലാസിഫിക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

ഉത്തരവ്

ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയിൽ വന്നുചേർന്ന അപാകതകൾ പരിഹരിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകയുടെ പേരും മേൽവിലാസവും	താലൂക്ക്	വില്ലേജ്/ ബ്ലോക്ക്	സർവ്വേ/ സബ് ഡിവിഷൻ നമ്പർ	6-3-2010-ലെ വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും ₹	പുനർ നിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില ₹
ഗീത, കാർത്തിക ഭവൻ, മഞ്ഞമൺകാല, വിളക്കുടി	പത്തനാപുരം	വിളക്കുടി	268/230	Govt. Property 6,250	Residential Plot with Cor./Mun./ Pan. Road access	6,250

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ RDOPLR/2872/2023-F. 2023 നവംബർ 27.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്, തലവൂർ വില്ലേജ്—അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരളാ മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ാം തീയതിയിലെ എൽ.എ.3-54647-ാം നമ്പർ പരിപത്രം.

(3) തലവൂർ വില്ലേജിൽ ടി മുറിയിൽ കോടിയാട്ട് വീട്ടിൽ അലക്സാണ്ടർ സമർപ്പിച്ച അപേക്ഷ.

(4) പത്തനാപുരം തഹശീൽദാരുടെ 16-11-2023 തീയതിയിലെ TLKPTM 3153/2023/B6 നമ്പർ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകന്റെ കൈവശ വസ്തുവിന്റെ ക്ലാസിഫിക്കേഷൻ/വില തെറ്റായി വിജ്ഞാപനം ചെയ്തുവന്നിട്ടുള്ളത് പരിഹരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയിൽ സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരമുള്ള ശരിയായ ക്ലാസിഫിക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

ഉത്തരവ്

ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയിൽ വന്നുചേർന്ന അപാകതകൾ പരിഹരിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും മേൽവിലാസവും	താലൂക്ക്	വില്ലേജ് ബ്ലോക്ക്	സർവ്വെ & സബ് ഡിവിഷൻ നമ്പർ	6-3-2010-ലെ വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും	പുനർ നിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില. ₹
അലക്സാണ്ടർ, കോടിയാട്ട് വീട്, തലവൂർ	പത്തനാപുരം	തലവൂർ	445/2	Govt. Property Re.1	Residential Plot with Corp./ Mun./Panch. Road access	12,000

(4)

നമ്പർ RDOPLR/3092/2023-F. 2023 ഡിസംബർ 7.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—കൊട്ടാരക്കര താലൂക്ക്, മൈലം വില്ലേജ് അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:— (1) കേരളാ മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(3) മൈലം വില്ലേജിൽ ടി മുറിയിൽ അക്കര ഹൗസിൽ റോബർട്ട് സമർപ്പിച്ച അപേക്ഷ.

(4) ഈ ആഫീസിലെ 20-3-2022-ലെ A-7590/20-ാം നമ്പർ നടപടിക്രമം.

(5) കൊട്ടാരക്കര തഹസീൽദാരുടെ 2-12-2023 തീയതിയിലെ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകന്റെ കൈവശ ഭൂമി നിലമായിരുന്നതും ആയതിന് വിലയും ക്ലാസിഫിക്കേഷനും നിശ്ചയിച്ചിരുന്നതുമാണ്. എന്നാൽ സൂചന (4) പ്രകാരം അപേക്ഷാഭൂമി സ്വഭാവ വ്യതിയാനം വരുത്തി പുരയിടമാക്കിമാറ്റിയിട്ടുള്ള സാഹചര്യത്തിൽ ടി പുരയിടമായി മാറിയ ഭൂമിക്ക് വിലയും ക്ലാസിഫിക്കേഷനും നിർണ്ണയിക്കുന്നതിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷയിൽ സൂചന (5) പ്രകാരം തഹശീൽദാർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരം ശരിയായ ക്ലാസിഫി-ക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

ഉത്തരവ്

സ്വാഭാവ വ്യതിയാനം വരുത്തി പുരയിടമാക്കി മാറ്റിയ ഭൂമിയുടെ ന്യായവിലയും ക്ലാസിഫിക്കേഷനും നിശ്ചയിച്ച് കൊണ്ട് ചുവടെ ചേർത്ത പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും മേൽവിലാസവും	താലൂക്ക്	വില്ലേജ്, ബ്ലോക്ക്	സർവ്വെ/സബ് ഡിവിഷൻ നമ്പർ	6-3-2010-ലെ വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും	പുനർനിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില
റോബർട്ട്, അക്കര ഹൗസ്, പുലമൺ പി. ഒ., കൊട്ടാരക്കര	കൊട്ടാരക്കര	മൈലം ബ്ലോക്ക് 15	225/13-2	Wet land ₹ 75,000	Residential plot with Vehicular Access	₹ 2,00,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(5)

നമ്പർ RDOPLR/2557/2023-F. 2023 ഡിസംബർ 23.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജ് അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരളാ മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(3) വിളക്കുടി വില്ലേജിൽ കാര്യറ മുറിയിൽ എം.എസ്. ഭവനിൽ മുരളീധരൻപിള്ള സമർപ്പിച്ച അപേക്ഷ.

(4) പത്തനാപുരം തഹശീൽദാരുടെ TLKPTM/2653/23/B6 നമ്പർ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകന്റെ കൈവശവസ്തുവിന്റെ ക്ലാസിഫിക്കേഷൻ/വില തെറ്റായി വിജ്ഞാപനം ചെയ്തുവന്നിട്ടുള്ളത് പരിഹരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയിൽ സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരമുള്ള ശരിയായ ക്ലാസിഫിക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

ഉത്തരവ്

ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയിൽ വന്നു ചേർന്ന അപാകതകൾ പരിഹരിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും മേൽവിലാസവും	താലൂക്ക്	വില്ലേജ്, ബ്ലോക്ക്	സർവ്വെ/സബ് ഡിവിഷൻ നമ്പർ	6-3-2010-ലെ വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും	പുനർനിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില ₹
മുരളീധരൻ പിള്ള, എം. എസ്. ഭവൻ, കാര്യറ, വിളക്കുടി	പത്തനാപുരം	വിളക്കുടി	197/1/87/2	Govt. Property ₹ 6,250	Residential Plot with Panchayath road access	6,250

(6)

നമ്പർ RDOPLR/3219/2023-F. 2023 ഡിസംബർ 21.

വിഷയം:—ഭൂമിയുടെ ന്യായവില—പുനലൂർ സബ് ഡിവിഷൻ—പത്തനാപുരം താലൂക്ക്, പട്ടാഴി (N) വില്ലേജ് അപാകത പരിഹരിച്ച് പുനർനിർണ്ണയം നടത്തി ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരളാ മുദ്രപത്ര നിയമം 1959 സെക്ഷൻ 28എ, ചട്ടം 5(4).

(2) ബഹു.ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647-ാം നമ്പർ പരിപത്രം.

(3) പട്ടാഴി (N) വില്ലേജിൽ ചെളിക്കുഴി മുറിയിൽ തടത്തിൽ പുത്തൻ വീട്ടിൽ റോയിശാമുവേൽ & ലിസി റോയി സമർപ്പിച്ച അപേക്ഷ.

(4) പത്തനാപുരം തഹശീൽദാരുടെ 12-12-2023-ലെ TLKPTM/3467/23/B6 നമ്പർ റിപ്പോർട്ട്.

ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 6-3-2010-ലെ വിജ്ഞാപനത്തിൽ 3-ാം സൂചനയിൽ പേരുചേർത്തിട്ടുള്ള അപേക്ഷകന്റെ കൈവശവസ്തുവിന്റെ ക്ലാസിഫിക്കേഷൻ/വില തെറ്റായി വിജ്ഞാപനം ചെയ്തുവന്നിട്ടുള്ളത് പരിഹരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

പ്രസ്തുത അപേക്ഷയിൽ സൂചന (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, സൂചന (2) പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും രേഖകൾ പ്രകാരമുള്ള ശരിയായ ക്ലാസിഫിക്കേഷനും അവയ്ക്കനുസൃതമായ വിലചേർത്തും വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

ഉത്തരവ്

ഭൂമിയുടെ ന്യായവില നിശ്ചയിച്ചുകൊണ്ട് 6-3-2010-ൽ വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയിൽ വന്നു ചേർന്ന അപാകതകൾ പരിഹരിച്ച് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ്/ ബ്ലോക്ക്	സർവ്വെ/സബ് ഡിവിഷൻ നമ്പർ	6-3-2010 വിജ്ഞാപനത്തിലെ ക്ലാസിഫിക്കേഷനും വിലയും	പുനർനിർണ്ണയിച്ച ക്ലാസിഫിക്കേഷൻ	പുനർ നിർണ്ണയിച്ച വില
റോയിശാമുവേൽ & ലിസി റോയി, തടത്തിൽ പുത്തൻ വീട്, ചെളിക്കുഴി, പട്ടാഴി (N)	പത്തനാപുരം	പട്ടാഴി (N) B1 1	49/5 (Old sy. 2421/3)	Govt. Property Re. 1	Commercially important Plot	₹ 37,500

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PATHANAMTHITTA DISTRICT

അടൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ : തുളസീധരൻ പിള്ള, എ.)

നമ്പർ RDOADR/2789/2023-C5. 2023 ഡിസംബർ 19.

വിഷയം:—കേരള മുദ്രപത്ര നിയമം 1959-സെക്ഷൻ 28 എ—ഭൂമിയുടെ ന്യായവില നിർണ്ണയിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സ്റ്റാമ്പ് ആക്ട് 1959-സെക്ഷൻ 28എ (fixation of Fair Value of land) ചട്ടം 3(7) ചട്ടം 4.

(2) ലാന്റ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ എൽ. ആർ. എ3-54674/2017-ാം നമ്പർ സർക്കുലർ.

(3) അടൂർ താലൂക്കിൽ, ഏനാത്ത് വില്ലേജിൽ, ശ്രീ. ഫിലിപ്പ് ജോൺ സമർപ്പിച്ച അപേക്ഷ.

(4) തഹശീൽദാർ അടൂരിന്റെ 4-11-2023-ലെ TKADR/812/2023-B7 നമ്പർ റിപ്പോർട്ട്.

2010 മാർച്ച് മാസം 6-ാം തീയതിയിലെ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം നിലവിൽ വന്ന ന്യായവില രജിസ്റ്ററിൽ Wet Land എന്ന് രേഖപ്പെടുത്തി വന്ന താഴെപ്പറയുന്ന സർവ്വേ നമ്പരിൽപ്പെട്ട വസ്തുവിന് സൂചന (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് ആക്സ്സ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, കേരള മുദ്രപത്ര നിയമം സെക്ഷൻ 28എ പ്രകാരം ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ജില്ല	താലൂക്ക്	വില്ലേജ്	തദ്ദേശസ്വയം ഭരണ സ്ഥാപനം	ബ്ലോക്ക് നമ്പർ	സർവ്വേ & സബ് ഡിവിഷൻ നമ്പർ	ക്ലാസിഫിക്കേഷൻ	ന്യായവില ₹
പത്തനംതിട്ട	അടൂർ	അടൂർ	അടൂർ മുൻസിപ്പാലിറ്റി	09	298/8	റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് അക്സസ്സ്	54,340
പത്തനംതിട്ട	അടൂർ	അടൂർ	അടൂർ മുൻസിപ്പാലിറ്റി	09	298/8-3	റസിഡൻഷ്യൽ പ്ലോട്ട് വിത്ത് പ്രൈവറ്റ് റോഡ് അക്സസ്സ്	54,340

സർക്കാർ ഉത്തരവുകളായ (പി) നമ്പർ 188/2014/റ്റി.ഡി. തീയതി 14-11-2014 പ്രകാരം 2010-ലെ ന്യായ വിലയുടെ 50% വർദ്ധനവും, 31-3-2018-ലെ ജി.ഒ. (പി) 43/2018/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 30-4-2019-ലെ ജി.ഒ.(പി) 70/2019/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 31-3-2020-ലെ ജി.ഒ. (പി) 47/2020/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 30-3-2022-ലെ ജി. ഒ. (പി) 29/2022/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 10% വർദ്ധനവും 25-3-2023-ലെ ജി.ഒ. (പി) 45/2023/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം 20% വർദ്ധനവും കൂടി പുനർ നിർണ്ണയിച്ച ന്യായവിലയോടുകൂടി കണക്കാക്കുന്നതാണ്. പ്രസ്തുത 20% നടപ്പാക്കുന്നതിലൂടെ ഫലത്തിൽ ഭൂമിയുടെ ന്യായവില 2010-ൽ നിശ്ചയിച്ചതിന്റെ 264 ശതമാനമായി മാറുന്നതാണ്.

FORM 'A'

[*See* Rule 4]

NOTIFICATION

No. RDOADR/2789/2023-C5. *19th December 2023.*

Whereas, it is expedient to publish the Fair Value of land as required under section 28A of the Kerala Stamp Act, 1959 read with sub rule (7) of Rule 3 and Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, Therefore, it is hereby made known to the public that the final fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District—Pathanamthitta.

Taluk—Adoor. *Village*—Adoor.

Sl. No.	*Sy. No.*	*Sub Division No.*	*Re-Sy. Block*	*Re-Sy. No.*	*Re-Sy. Sub Div. No.*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and No. of ward*	*Classification by use*	*Fair value per Are ₹*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	..	..	9	298	8	Municipality	Adoor	..	Residential Plot with Private road Access	54,340
2	..	..	9	298	8-3	Municipality	Adoor	..	Residential Plot with Private road Access	54,340

Revenue Divisional Office,
Adoor.

(Sd.)
Revenue Divisional Officer.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PATHANAMTHITTA DISTRICT

Form 'A'

(*See* Rule 4)

NOTIFICATIONS

(1)

No. A2-1918/2023/RDOTVLA/K.Dis. *19th December 2023.*

Whereas, it is expedient to publish the fair value of land as required under Section 28A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules 1995, the Fair Value of the Land in Block No. 13, Re-survey No. 119/6, Eraviperoor Village, Thiruvalla Taluk of the Pathanamthitta District is hereby fixed as shown in the schedule hereto.

Schedule

Name of District	*Name of Taluk*	*Name of Village & Sy. No. &Sub Division No.*	*Panchayat*	*Ward No.*	*Classification by use*	*Fair Value of the land fixed*
Pathanamthitta	Thiruvalla	Eraviperoor 119/6	Eraviperoor	..	Residential Plot without vehicular access	₹ 52,800 (Current rate)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

No. A2-2948/2022/RDOTVLA. *19th December 2023.*

Whereas, it is expedient to publish the fair value of land as required under Section 28A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules 1995, the Fair Value of the Land in Block No. 14, Re-survey No. 647/9, Kaviyoor Village, Thiruvalla Taluk of the Pathanamthitta District is hereby fixed as shown in the schedule hereto.

SCHEDULE

Name of District	*Name of Taluk*	*Name of Village & Sy. No. &Sub Division No.*	*Panchayat*	*Ward No.*	*Classification by use*	*Fair Value of the land fixed*
Pathanamthitta	Thiruvalla	Kaviyoor Block No.14 Resurvey No. 647/9	Kaviyoor	..	Residential Plot with Panchayath road access	(At present rate) ₹ 3,26,040

Revenue Divisional Office,
Thiruvalla.

SAFNA NAZARUDEEN IAS
Sub Collector.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'C'

[See Rule 5(8)]

NOTIFICATION

No. DCIDK/2540/2023-B1 *28/12/2023*

WHEREAS, it is expedient to publish a notification showing revised fair value of land required under section 28 A of the Kerala Stamp Act, 1959, read with sub-rule (8), of rule 5 of the Kerala Stamp (Fixation of Fair Value of Land) Rules, 1995, the fair value of land in Block 36,Re- Survey Nos. 109/7/1, 109/8,109/10/1 of Karimannoor Village , Thodupuzha Taluk of the Idukki District is hereby fixed finally as shown in the Schedule hereto:

SCHEDULE

District	*Taluk*	*Village*	*Block No.*	*Re -Survey Number*	*Subdivision Number*	*Corporation/Municipality/ Panchayat*	*Ward*	*Fair Value of Land already Fixed(Rs)*	*Classification by Use*	*Revised Classification*	*Fair Value fixed per are (Rs)*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
Idukki	Thodupuzha	Karimannoor	36	109 109 109	7/1 8 10/1	Karimannoor	-	40800/-	Residential Plot with Panchayat Road Access	Residential Plot with Panchayat Road Access	25500/-

(Sd.)

DISTRICT COLLECTOR,

Idukki.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ERNAKULAM DISTRICT

മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : അനി, പി. എൻ.)

(1)

നമ്പർ RDOMVP/1292/2023-എ8. 2023 ഡിസംബർ 19.

വിഷയം:—ന്യായവില പുനർ നിർണ്ണയം—ശ്രീ. എൽദോ ഔസെഫ് മുതൽപേർ വടക്കേടത്തു തുരുത്തി വെങ്ങോല സർപ്പിച്ച അപേക്ഷ—ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത് —സംബന്ധിച്ച്.

സൂചന:—(1) കുന്നത്തുനാട് ഭൂരേഖ തഹശീൽദാരുടെ 2-11-2023-ലെ എ6-8660/23-ാം നമ്പർ റിപ്പോർട്ട്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ LRA3-54674/18-ാം നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, ബ്ലോക്ക് 21-ൽ റീ സർവ്വെ 253/11-ൽപ്പെട്ട 0.0475 ഹെക്ടർ വസ്തുവിന്റെയും 253/12-ൽപ്പെട്ട 0.0322 ഹെക്ടർ വസ്തുവിന്റെയും 254/13-ൽപ്പെട്ട 0.0570 ഹെക്ടർ വസ്തുവിന്റെയും 254/14-ൽപ്പെട്ട 0.0515 ഹെക്ടർ വസ്തുവിന്റെയും 254/15-ൽപ്പെട്ട 0.0415 ഹെക്ടർ വസ്തുവിന്റെയും 254/16-ൽപ്പെട്ട 0.0180 ഹെക്ടർ വസ്തുവിന്റെയും 254/17-ൽപ്പെട്ട 0.0272 ഹെക്ടർ വസ്തുവിന്റെയും ന്യായവില പുനർനിർണ്ണയിച്ച് ലഭിക്കുന്നതിന് ശ്രീ. എൽദോ ഔസെഫ്, ശ്രീമതി. ഏലമ്മ എൽദോ വടക്കേടത്തു തുരുത്തി വെങ്ങോല എന്നിവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷാവസ്തുവിന് 'ഗാർഡൻ ലാന്റ് വിത്ത് റോഡ് ആക്സസ്' ഗണത്തിൽപ്പെടുത്തി 2010-ലെ ഫെയർവാല്യു രജിസ്റ്റർപ്രകാരം ആർ ഒന്നിന് ₹ 1,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതാണ്. ടി ന്യായവില പുനർനിർണ്ണയിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

അപേക്ഷവസ്തുക്കളിൽ റീസർവ്വെ 254/13, 14, 15, 16, 17-ൽ പ്പെട്ട അപേക്ഷവസ്തുക്കൾ ബി.ടി.ആർ പ്രകാരം നിലം ആയും ചതുപ്പു സ്വഭാവത്തോടുകൂടിയും കാണപ്പെടുന്നുവെന്നും റീസർവ്വെ 253/11, 253/12 എന്നീ നമ്പറുകളിൽപ്പെട്ട വസ്തുക്കൾ ബി. ടി. ആർ. പ്രകാരം നിലം ആയും പഞ്ചായത്ത് റോഡ് സൗകര്യത്തോടുകൂടിയ വസ്തു ആണെങ്കിലും മറ്റു വസ്തുക്കളെ പോലെ ചതുപ്പായി കിടക്കുന്നുവെന്നും സൂചന (1) പ്രകാരം കുന്നത്തുനാട് ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപേക്ഷ വസ്തുക്കളോട് ചേർന്നു അപേക്ഷ വസ്തുക്കൾക്കിടയിൽ സ്ഥിതി ചെയ്യുന്ന റീസർവ്വെ 254/20-ൽ ഉൾപ്പെട്ടുവരുന്ന വസ്തുവിനെ സമാന വസ്തുവായി കണക്കാക്കാമെന്നും ടി വസ്തുവിന് ഈ കാര്യാലയത്തിലെ 13-7-2022 തീയതിയിൽ A8-6949/2022-ാം നമ്പർ ഉത്തരവ് പ്രകാരം ഗാർഡൻ ലാന്റ് വിത്ത് റോഡ് ആക്സസ് എന്ന തരത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹1,00,000 ന്യായവില എന്നതു 'വെറ്റ് ലാൻഡ്' എന്ന തരത്തിൽപ്പെടുത്തി ആർ ഒന്നിനു ₹ 20,000-യായി നിശ്ചയിച്ചു നൽകിയിരുന്നുവെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വസ്തുവിന്റെ വിലയായ ₹ 20,000-ം തരമായ 'വെറ്റ് ലാൻഡ്' എന്ന തരവും അപേക്ഷ വസ്തുക്കൾക്കും നൽകാവുന്നതായി ഭൂരേഖ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (Fixation of Fair Value of Land) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ, 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ, ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച് കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, ബ്ലോക്ക് 21-ൽ റീ സർവ്വെ 253/11-ൽപ്പെട്ട 0.0475 ഹെക്ടർ വസ്തുവിനെയും 253/12-ൽപ്പെട്ട 0.0322 ഹെക്ടർ വസ്തുവിനെയും 254/13-ൽപ്പെട്ട 0.0570 ഹെക്ടർ വസ്തുവിനെയും 254/14-ൽപ്പെട്ട 0.0515 ഹെക്ടർ വസ്തുവിനെയും 254/15-ൽപ്പെട്ട 0.0415 ഹെക്ടർ വസ്തുവിനെയും 254/16-ൽപ്പെട്ട 0.0180 ഹെക്ടർ വസ്തുവിനെയും 254/17-ൽപ്പെട്ട 0.0272 ഹെക്ടർ വസ്തുവിനെയും 'വെറ്റ് ലാൻഡ്' ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 20,000 (ഇരുപതിനായിരം) ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/ടാക്സസ് തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിനുശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

(*See* Rule 4)

NOTIFICATION

No. A8-RDOMVP/1292/2023. *19th December 2023.*

Whereas, it is expedient to publish the Fair Value of Land as required under Section 28 (A) of the Kerala Stamp Act, 1959 read with Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, therefore, it is hereby made known to the public that the Fair Value fixed for the land mentioned against each Serial Number, in respect of the land situated in the survey/Re-survey numbers of the Village and Taluk mentioned against each, shall be as shown against in the Column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Kunnathunadu.

Village—Vengola. *Desom*—Vengola.

Serial Number	*Survey Number*	*Sub Division Number*	*Re- Survey Block*	*Re- Survey Number*	*Re- Survey Sub Division Number*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and Number of Ward*	*Classification by use*	*Fair Value per Are*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	..	..	21	253	11	Panchayath	Vengola	IV	Wet Land	₹20,000
2	..	..	21	253	12	Panchayath	Vengola	IV	Wet Land	₹20,000
3	..	..	21	254	13	Panchayath	Vengola	IV	Wet Land	₹20,000
4	..	..	21	254	14	Panchayath	Vengola	IV	Wet Land	₹20,000
5	..	..	21	254	15	Panchayath	Vengola	IV	Wet Land	₹20,000
6	..	..	21	254	16	Panchayath	Vengola	IV	Wet Land	₹20,000
7	..	..	21	254	17	Panchayath	Vengola	IV	Wet Land	₹20,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ RDOMVP/1323/2023-എ8/Kdis. 2023 ഡിസംബർ 21.

വിഷയം:—ന്യായവില പുനർ നിർണ്ണയം—ശ്രീ. ജെയിംസ് ആദായി സർപ്പിച്ച അപേക്ഷ—ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കുന്നത്തുനാട് ഭൂരേഖ തഹശീൽദാരുടെ 20-9-2023-ലെ എ6-3090/2023 നമ്പർ റിപ്പോർട്ട്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ LRA3-54674/18-ാം നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, തിരുവാണിയൂർ വില്ലേജ്, ബ്ലോക്ക് 42-ൽ റീ സർവ്വെ 294/22-ൽപ്പെട്ട 03.00 ആർ വസ്തുവിന്റെയും റീസർവ്വെ 294/23-ൽപ്പെട്ട 00.45ആർ വസ്തുവിന്റെയും റീസർവ്വെ 294/25-ൽപ്പെട്ട 00.88 ആർ വസ്തുവിന്റെയും ന്യായവില നിശ്ചയിക്കുന്നതിന് ശ്രീ. ജെയിംസ് ആദായി എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷാവസ്തുവിന് 2010-ലെ ന്യായവില രജിസ്റ്റർപ്രകാരം 'ഗവൺമെന്റ് പ്രോപ്പർട്ടി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി വസ്തുവിന് ന്യായവില നിശ്ചയിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

2010-ലെ ന്യായവില രജിസ്റ്റർ പ്രകാരം ബ്ലോക്ക് 42-ൽ പ്പെട്ട ഒരു സർവ്വേ നമ്പരിനും ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്നു സൂചന (1) പ്രകാരം തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ബ്ലോക്ക് 41-ൽപ്പെട്ടതും റീസർവ്വെ 338/10-ൽ ഉൾപ്പെട്ടുവരുന്നതും 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ്സ്' ഗണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 60,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമായ വസ്തു അപേക്ഷാവസ്തുവിന് സമാനമായി കണക്കാക്കാവുന്നതാണെന്നും സമാനവസ്തുവിനെ അടിസ്ഥാനപ്പെടുത്തി അപേക്ഷാവസ്തുവിനും 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ്സ്' ഗണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 60,000 ന്യായവില പുനർനിർണ്ണയിച്ചു നൽകാവുന്നതാണെന്നും തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (Fixation of Fair Value of Land) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ, 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ, ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച് കുന്നത്തുനാട് താലൂക്ക്, തിരുവാണിയൂർ വില്ലേജ്, ബ്ലോക്ക് 42-ൽ റീസർവ്വെ 294/22-ൽപ്പെട്ട 03.00 ആർ വസ്തുവിനെയും റീസർവ്വെ 294/23-ൽപ്പെട്ട 00.45 ആർ വസ്തുവിനെയും റീസർവ്വെ 294/25-ൽപ്പെട്ട 00.88 ആർ വസ്തുവിനെയും 'റെസിഡൻഷ്യൽ പ്ലോട്ട് വിത്ത് പഞ്ചായത്ത് റോഡ് ആക്സസ്സ്' ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 60,000 ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/ടാക്സസ് തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിനുശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

(*See* Rule 4)

NOTIFICATION

No. RDOMVP/1323/2023-A8. *21st December 2023.*

Whereas, it is expedient to publish the Fair Value of Land as required under Section 28 (A) of the Kerala Stamp Act, 1959 read with Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, therefore, it is hereby made known to the public that the Fair Value fixed for the land mentioned against each Serial Number, in respect of the land situated in the Survey/Re-survey numbers of the Village and Taluk mentioned against each, shall be as shown against in the Column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Kunnathunadu.

Village—Thiruvaniyur. *Desom*—Marangattulli.

Serial Number	*Survey Number*	*Sub Division Number*	*Re- Survey Block*	*Re- Survey Number*	*Re- Survey Sub Division Number*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and Number of Ward*	*Classification by use*	*Fair Value per Are*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	..	..	42	294	22	Panchayath	Thiruvaniyur	VIII	Residential plot with Panchayath Road Access	₹60,000
2	..	..	42	294	23	Panchayath	Thiruvaniyur	VIII	Residential plot with Panchayath Road Access	₹60,000
3	..	..	42	294	25	Panchayath	Thiruvaniyur	VIII	Residential plot with Panchayath Road Access	₹60,000

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ RDOMVP/1305/2023-എ8. 2023 ഡിസംബർ 12.

വിഷയം:—ന്യായവില പുനർ നിർണ്ണയം—ശ്രീമതി ജയ വേലായുധൻ, കണ്ണിമോളത്ത് വെങ്ങോല സർപ്പിച്ച അപേക്ഷ—ന്യായവില പുനർനിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കുന്നത്തുനാട് ഭൂരേഖ തഹശീൽദാരുടെ 27-9-2023-ലെ എ6-8277/23-ാം നമ്പർ റിപ്പോർട്ട്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ LRA3-54674/18-ാം നമ്പർ പരിപത്രം.

കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, ബ്ലോക്ക് 21-ൽ റീ സർവ്വെ 268/4-ൽപ്പെട്ട 13.30 ആർ വസ്തുവിന്റെയും റീസർവ്വെ 268/6-ൽപ്പെട്ട 08.20 ആർ വസ്തുവിന്റെയും ന്യായവില പുനർനിർണ്ണയിച്ച് ലഭിക്കുന്നതിന് ശ്രീമതി ജയ വേലായുധൻ, കണ്ണിമോളത്ത് എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷാവസ്തുവിന് 'ഗാർഡൻ ലാന്റ് വിത്ത് റോഡ് ആക്സസ്' ഗണത്തിൽപ്പെടുത്തി 2010-ലെ ഫെയർവാല്യു രജിസ്റ്റർപ്രകാരം ആർ ഒന്നിന് ₹ 1,00,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമാണ്. ടി ന്യായവില പുനർനിർണ്ണയിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

അപേക്ഷവസ്തു നിലമായി കാണപ്പെടുന്നതും നെൽകൃഷി ചെയ്യാതെ ചതുപ്പായി വെള്ളക്കെട്ടോടുകൂടി കിടക്കുന്നതാണെന്നും സൂചന (1) പ്രകാരം കുന്നത്തുനാട് തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന് ചേർന്ന് സ്ഥിതി ചെയ്യുന്നതും ടി വില്ലേജ്, ടി ബ്ലോക്ക് 21-ൽ റീസർവ്വെ 268/5-ൽ ഉൾപ്പെട്ടു വരുന്നതും 'വെറ്റ് ലാന്റ്' ഗണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 20,000 ന്യായവില നിശ്ചയിച്ചിട്ടുള്ളതുമായ വസ്തു അപേക്ഷാവസ്തുവിന് സമാനമായി കണക്കാക്കാവുന്നതാണെന്നും സമാനവസ്തുവിനെ അടിസ്ഥാനപ്പെടുത്തി അപേക്ഷാവസ്തുവിനും 'വെറ്റ് ലാന്റ്' ഗണത്തിൽപ്പെടുത്തി ആർ ഒന്നിന് ₹ 20,000 ന്യായവില പുനർനിർണ്ണയിച്ച് നൽകാവുന്നതാണെന്നും തഹശീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിൻ കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (Fixation of Fair Value of Land) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ, സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ, 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ, ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച് കുന്നത്തുനാട് താലൂക്ക്, വെങ്ങോല വില്ലേജ്, ബ്ലോക്ക് 21-ൽ റീസർവ്വെ 268/4-ൽപ്പെട്ട 13.30 ആർ വസ്തുവിനെയും റീസർവ്വെ 268/6-ൽപ്പെട്ട 08.20 ആർ വസ്തുവിനെയും 'വെറ്റ് ലാന്റ്' ഗണത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 20,000 (ഇരുപതിനായിരം) ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/ടാക്സസ് തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിനുശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'

(*See* Rule 4)

NOTIFICATION

No. A8-RDOMVP/1305/2023. *12th December 2023.*

Whereas, it is expedient to publish the Fair Value of Land as required under Section 28 (A) of the Kerala Stamp Act, 1959 read with Rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

Now, therefore, it is hereby made known to the public that the Fair Value fixed for the land mentioned against each Serial Number, in respect of the land situated in the survey/Re-survey numbers of the Village and Taluk mentioned against each, shall be as shown against in the NColumn (11) thereof.

SCHEDULE

District—Ernakulam. *Taluk*—Kunnathunadu.

Village—Vengola. *Desom*—Vengola.

Serial Number	*Survey Number*	*Sub Division Number*	*Re- Survey Block*	*Re- Survey Number*	*Re- Survey Sub Division Number*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and Number of Ward*	*Classification by use*	*Fair Value per Are*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	..	..	21	268	4	Panchayath	Vengola	IV	Wet Land	₹20,000
2	..	..	21	268	6	Panchayath	Vengola	IV	Wet Land	₹20,000

Revenue Divisional Office, (Sd.)
Muvattupuzha. *Revenue Divisional Officer.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PALAKKAD DISTRICT

FORM-C

[*See* Rule 5(8)]

NOTIFICATIONS

(1)

No. DCPKD/6168/2020/D4. *23rd December 2023.*

Whereas, it is expedient to publish a notification showing revised value of land as required under Section 28A of the Kerala Stamp Act, 1959, read with sub-rule (8), of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rules, 1955, the fair value of land in Kizhakkanchery Gramapanchayath, VII Odanthodu Ward, Kizhakkanchery 2 Village, Alathur Taluk of the Palakkad District is hereby fixed finally as shown in the schedule hereto:

SCHEDULE

Name of District	*Name of Taluk*	*Name of Village and Survey Number with Sub*	*Corporation/ Municipality/ Panchayath*	*Ward*	*Classification by use*	*Fair Value of the Land already fixed (per Are)* ₹	*Revised Fair Value of the Land (per Are)* ₹
Palakkad	Alathur	Kizhakkanchery 2 Village Resurvey No. 374 (Old Survey No. 1/1A 1pt)	Kizhakkanchery Grama panchayath	7 Odanthodu	Hill Tract without Road Access	15,900	6,669

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

No. DCPKD/9745/2021/D4. *23rd December 2023.*

Whereas, it is expedient to publish a notification showing revised value of land as required under Section 28A of the Kerala Stamp Act, 1959, read with sub-rule (8), of Rule 5 of the Kerala Stamp (Fixation of Fair Value of Land) Rules, 1955, the fair value of land in Nellaya Gramapanchayath, Desom 7 (Irumbulassery) Survey No. 42/3 in Nellaya Village, Ottappalam Taluk of the Palakkad District is hereby fixed finally as shown in the schedule hereto:

SCHEDULE

Name of District	*Name of Taluk*	*Name of Village and Survey Number with Sub*	*Corporation/ Municipality/ Panchayath*	*Ward*	*Classification by use*	*Fair Value of the Land already fixed (per Are)* ₹	*Revised Fair Value of the Land (per Are)* ₹
Palakkad	Ottappalm	Nellaya Village Survey No.42/3 Desom 7 (Irumbulassery)	Nellaya Grama panchayath	..	Residential plot with Panchayath Road Access	87,500	11,500

Collectorate,
Palakkad.

(Sd.)
District Collector.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOZHIKODE DISTRICT

വിജ്ഞാപനം

[കേരള എസ്ചീറ്റ്സ് & ഫോർഫീച്ചേഴ്സ് ആക്ട് സെക്ഷൻ 5 പ്രകാരം]

നമ്പർ DCKKD/3764/2019-L10. 2023 ഡിസംബർ 18.

കൊയിലാണ്ടി താലൂക്ക്, കൊഴുക്കല്ലൂർ വില്ലേജ്, നരക്കോട് ദേശം റീ സ. 25/1-ൽ ഉൾപ്പെട്ട 27.70 ആർ സ്വകാര്യ ഭൂമി എസ്ചീറ്റാക്കി സർക്കാരിലേക്ക് ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടി ആരംഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ആക്ഷേപമുള്ളവർ പരസ്യത്തീയതി മുതൽ 6 (ആറ്) മാസത്തിനകം ജില്ലാ കളക്ടർ മുമ്പാകെ ആക്ഷേപം സമർപ്പിക്കേണ്ടതാണ്.

കളക്ടറേറ്റ്, (ഒപ്പ്)
കോഴിക്കോട്. ജില്ലാ കളക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.01.09 04:06:38 +05:30